#IIMKinMedia

Date: September 08, 2026

Newspaper: Mathrubhumi, pg. 03

# എഫ്.ടി. മാസ്റ്റേഴ്സ് ഇൻ മാനേജ്മെന്റ് റാങ്കിങ്

# ഐ.ഐ.എം. 54-ാം സ്ഥാനത്ത്

**കുന്ദമംഗലം ▸** ഫിനാൻഷ്യൽ ടൈംസിന്റെ മാസ്റ്റേഴ്സ് ഇൻ മാനേജ്മെന്റ് റാങ്കിങ് 2026-ൽ കോഴിക്കോട് ഐ.ഐ.എം. 54-ാം സ്ഥാനത്ത്. 15 സ്ഥാനങ്ങൾ മുന്നേറിയാണ് ആഗോളതലത്തിൽ ഐ.ഐ.എം.കെ. 54-ാം സ്ഥാനത്തെത്തിയത്. 2025-ൽ 69-ാം സ്ഥാനത്തായിരുന്നു.

കോഴിക്കോട് ഐ.ഐ.എമ്മിന്റെ ഫ്ലാഗ്ഷിപ്പ് ബിരുദാനന്തര ബിരുദ പ്രോഗ്രാം ലോകത്തിലെ മികച്ച 55 മാനേജ്മെന്റ് പ്രോഗ്രാമുകളുടെ പട്ടികയിൽ ഇടംനേടി. കരിയർ സർവീസിൽ 23-ാം സ്ഥാനവും ഇ.എസ്.ജി. ആൻഡ് നെറ്റ് സീറോ ടീച്ചിങ്ങിൽ 52-ാം സ്ഥാനവും ഐ.ഐ.എം. സ്വന്തമാക്കി.

വിദ്യാർഥികളിൽ 55 ശതമാനം സ്ത്രീകളാണ്. സ്ത്രീപ്രാതിനിധ്യത്തിൽ ആഗോളതലത്തിൽ 14-ാം സ്ഥാനവും ഇന്ത്യൻ സ്ഥാപനങ്ങളിൽ ഒന്നാം സ്ഥാനവും ഐ.ഐ.എം. കോഴിക്കോട് നേടി.